(സി) പാലം നിർമ്മാണത്തിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയെന്നറിയിക്കാമോ;

(ഡി) പ്രസ്തുത പാലം നിർമ്മാണത്തിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പെരുമൺ പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർവ്വെ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി-ഡി) തുക വകയിരുത്തിയിട്ടില്ല. ആവശ്യമായ ഭൂമി ലഭ്യമായ ശേഷം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

കുളിമാട് പാലം നിർമ്മാണം

330 (1415) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോഴിക്കോട് ജില്ലയിലെ കുളിമാട് പാലം നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ ;

(ബി) പാലം നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കുളിമാട് പാലം നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി. മലപ്പുറം ജില്ലയിലെ സ്ഥലമെടുപ്പിനുള്ള സർവ്വേ നടപടികൾ പൂർത്തിയായി.

(ബി) പാലം നിർമ്മിക്കുന്നതിനായി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

ദേശീയപാത വികസന നയം

331 (1416) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനം സംബന്ധിച്ച നയം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്കയും ബുദ്ധിമുട്ടും പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ദേശീയപാതകളുടെ വികസനം വഴി പാതകൾക്ക് പുറം ചുമത്തേണ്ടി വരുന്നത് ഒഴിവാക്കാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയപാതകളായ എൻ.എച്ച്.-17-ഉം 47-ഉം സർവ്വീസ് റോഡുകളോടുകൂടിയ 4 വരിപ്പാതയായി ബി.ഒ.റ്റി. വ്യവസ്ഥയിൽ വികസിപ്പിക്കുവാനും മറ്റ് 5 ദേശീയ പാതകളായ എൻ.എച്ച്. -49, എൻ.എച്ച്. -208, എൻ.എച്ച്. -212, എൻ.എച്ച്.-213, എൻ.എച്ച്.- 220 എന്നിവ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായി വികസിപ്പിക്കാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ ബി.ഒ.റ്റി. വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിന് ചുങ്കം ബാധകമാണ്. അതുപോലെ കോറിഡോർ അപ്രോച്ചിൽ വികസിപ്പിക്കുമ്പോഴും വികസനത്തിന് ആവശ്യമായി വരുന്ന ഭൂമി അനുസരിച്ച് ചുങ്കം പരിരിക്കുവാനും കേന്ദ്ര മന്ത്രാലയം നിർദ്ദേശിക്കുവാൻ സാധ്യതയുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ ടോൾ ആക്ട് പ്രകാരമാണ് ദേശീയപാതകളിൽ ചുങ്കം ഏർപ്പെടുത്തുന്നത്.

(സി) കേന്ദ്ര സർക്കാർ നയമനുസരിച്ച് നിലവിൽ ചുങ്കം ഒഴിവാക്കി ദേശീയപാത വികസനം നടപ്പിലാക്കുവാൻ മാർഗ്ഗങ്ങൾ ഇല്ല. എന്നാൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചർച്ചകൾ നടത്തി സമീപ പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങൾക്ക് ബുദ്ധിമുട്ടാകാത്ത മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

സുരക്ഷിത റോഡുകൾ

332 (1417) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകൾ സുരക്ഷിതമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly